# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

**ഹാജർ: : ശ്രീ. മനോജ് കുമാർ.കെ.വി. (ചെയർപേഴ്സൺ)**
**ശ്രീ. കെ. നസീർ (മെമ്പർ)**
**ശ്രീ. സി. വിജയകുമാർ (മെമ്പർ)**

തീയതി : 23.09.2020

## സി.ആർ.എം.പി.നമ്പർ : 4172/10/$C_2$/2020/KeSCPCR

ഹർജിക്കാർ : 1) ജില്ലാ ശിശുസംരക്ഷണ ഓഫീസർ,
ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്,
3rd Floor, മിനി സിവിൽ സ്റ്റേഷൻ,
മഞ്ചേരി, മലപ്പുറം – 676 121.

2) ഡോ. റഫീഖ് അലി,
രക്ഷിതാവ്,
എ.സി.ഇ. പബ്ലിക് സ്കൂൾ, മഞ്ചേരി.

3) രക്ഷിതാക്കൾ,
എ.സി.ഇ. പബ്ലിക് സ്കൂൾ,
മഞ്ചേരി.

4) അഡ്വ. കെ. ഫിറോസ് ബാബു,
കൗൺസിലർ, വാർഡ് – 14,
മഞ്ചേരി നഗരസഭ, മഞ്ചേരി – 676 121.

എതിർകക്ഷികൾ : 1) ഗവൺമെന്റ് സെക്രട്ടറി,
പൊതു വിദ്യാഭ്യാസ വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2) പൊതു വിദ്യാഭ്യാസ ഡയറക്ടർ,
ജഗതി, തിരുവനന്തപുരം – 695 014.

3) റീജിയണൽ ഓഫീസർ,
(സി.ബി.എസ്.ഇ.)
ബ്ലോക്ക് - ബി, 2nd Floor,
എൽ.ഐ.സി. ഡിവിഷണൽ ഓഫീസ് ക്യാമ്പസ്,
പട്ടം, തിരുവനന്തപുര ം - 695 004.

4) സെക്രട്ടറി,
ഐ.സി.എസ്.ഇ.,
പ്രഗതി ഹൗസ്, ന്യൂ ഡൽഹി.

5) പ്രിൻസിപ്പാൾ,
എ.സി.ഇ. പബ്ലിക് സ്കൂൾ,
മഞ്ചേരി, മലപ്പുറം - 676 123.

**ഉത്തരവ്**

1. രണ്ട്, മൂന്ന് ഹർജിക്കാരിയുടെ മക്കൾ 5-ാം എതിർകക്ഷി സ്കൂളിലെ വിദ്യാർത്ഥികളാണെന്നും കോവിഡ്-19 എന്ന മഹാമാരിയിൽ വിറങ്ങലിച്ച് നിൽക്കുന്ന വർത്തമാന സാഹചര്യത്തിൽ 2, 3 ഹർജിക്കാർ സ്കൂൾ ഫീസിനത്തിൽ നീതിപൂർവ്വമായ ഇളവിന് വേണ്ടി സ്കൂൾ മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിരുന്നുവെന്നും നിരന്തരമായ ആവശ്യമുന്നയിക്കുകയും പരാതികൾ കൊടുക്കുകയും ചെയ്തതിനെ തുടർന്ന് ജൂൺ, ജൂലൈ മാസങ്ങളൊഴികെ സ്കൂൾ സാധാരണ സ്ഥിതി ആകുന്നത് വരെ മാസത്തിൽ 500/- രൂപ ഇളവ് നൽകിയതായി സ്കൂൾ ഏകപക്ഷീയമായി അറിയിച്ചതായും ഈ ഇളവ് കുട്ടികൾക്ക് സ്കൂൾ സമയങ്ങളിൽ നൽകിയിരുന്ന ലഘുഭക്ഷണത്തിനുള്ള സംഖ്യ പോലും വരുന്നില്ലെന്നും എന്നാൽ കഴിഞ്ഞ 17.08.2020 മുതൽ ഈ കാര്യം ഉന്നയിച്ച് ഫീസ് അടക്കാത്ത കുട്ടികൾക്ക് ഓൺലൈൻ പഠനത്തിനുള്ള ലിങ്ക് അയച്ചു നൽകാതെ പഠനം മുടങ്ങിയിരിക്കയാണെന്നും ഇത് കാരണം കുട്ടികൾ മാനസികമായി തകർന്നിരിക്കയാണെന്നും കോവിഡ്-19 പ്രതിസന്ധി കാലമായതിനാൽ മാത്രമാണ് തങ്ങൾ ഫീസിളവിനായി 5-ാം എതിർകക്ഷിയോട് ആവശ്യപ്പെട്ടതെന്നും ഇക്കാലം വരെ സ്കൂൾ നിശ്ചയിച്ച ഫീസ് തങ്ങൾ കൃത്യമായി അടവാക്കിയിട്ടുണ്ടെന്നും ആയതിനാൽ കോവിഡ്-19 മഹാമാരി കാരണം സാമ്പത്തിക തകർച്ച നേരിടുന്ന ഈ സമയത്ത് നിലവിലെ ഫീസിൽ ഇളവ് അനുവദിക്കാനും കുട്ടികളുടെ തുടർ പഠനം ഉറപ്പാക്കാനുമാവശ്യമായ നടപടികൾ കമ്മീഷൻ സ്വീകരിക്കണമെന്ന് കാണിച്ചാണ് 2, 3 ഹർജിക്കാർ മേൽ ഹർജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചത്.

2. കുട്ടികളുടെ അവകാശ ലംഘനവുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച ഹർജികൾ 1-ാം എതിർകക്ഷി മുഖേനയും കൂടാതെ പ്രദേശത്തെ പൊതുവായ വിഷയമായതിനാൽ ജനപ്രതിനിധിയായ 4-ാം ഹർജികക്ഷി മുഖേനയും കമ്മീഷന് അയച്ചു തന്നതാണ്. ഹർജിയിൽ 5-ാം എതിർകക്ഷി സ്കൂളിലെ കുട്ടികളുടെ നിരവധി രക്ഷിതാക്കൾ ഒപ്പ് വെച്ചിട്ടുള്ളതുമാണ്.

3. ഹർജി ഫയലിൽ സ്വീകരിച്ച കമ്മീഷൻ 5-ാം എതിർകക്ഷിയിൽ നിന്നും റിപ്പോർട്ട് തേടുകയും 5-ാം എതിർകക്ഷി വിശദമായ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ സമർപ്പിക്കുകയും ചെയ്തു.

4. 5-ം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ സ്കൂളിന് സർക്കാരിൽ നിന്നോ മറ്റോ യാതൊരു ഗ്രാന്റും ലഭിക്കുന്നില്ലെന്നും കുട്ടികളുടെ ഫീസിനെ മാത്രം ആശ്രയിച്ച് നടത്തി വരുന്ന സ്വകാര്യ സ്ഥാപനമാണെന്നും സ്കൂളിന്റെ ദൈനംദിന കാര്യങ്ങൾക്കായി ഭാരിച്ച ചിലവ് വരുന്നുണ്ടെന്നും കോവിഡ് മഹാമാരി നേരിടുന്ന സമയത്തും സ്ഥാപനത്തിന്റെ ചിലവിൽ യാതൊരു കുറവുമില്ലെന്നും സ്കൂൾ പി.റ്റി.എ. യുടെ മദ്ധ്യസ്ഥ ശ്രമത്തിന്റെ ഭാഗമായി ആഗസ്റ്റ് മുതൽ ഓരോ മാസവും മുതിർന്ന കുട്ടികൾക്ക് 500/- രൂപയുടെയും കെ.ജി. സെക്ഷനിൽ 1000/- രൂപ വീതവും ഇളവ് പ്രഖ്യാപിച്ചതായും ഗഡുക്കളായി ഫീസ് അടവാക്കാൻ അനുവദിച്ചിട്ടുണ്ടെന്നും കോവിഡ് മഹാമാരി കാരണം നാട്ടിലുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം സ്കൂളിൽ നിന്നും 100 ഓളം കുട്ടികൾ ടി.സി. വാങ്ങി പോയിട്ടുണ്ടെന്നും സ്കൂളിലെ രക്ഷിതാക്കൾ പലരും ഉയർന്ന സാമ്പത്തിക നിലവാരം പുലർത്തുന്നവരാണെന്നും സ്കൂൾ മാനേജ്മെന്റോ മറ്റോ കുട്ടികളോട് യാതൊരുവിധ മോശം പ്രവൃത്തിയും നടത്തിയിട്ടില്ലെന്നും WP(C) No. 10867 of 2020 (S) എന്ന വിധിയിൽ സ്വകാര്യ സ്കൂളുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും ഫീ ഈടാക്കാമെന്ന് ബഹു. ഹൈക്കോടതി കൽപ്പിച്ചിട്ടുള്ളതാണെന്നും CRMP No. 4466/11/LA2/2020/KeSCPCR നമ്പർ കേസിൽ മാനേജ്മെന്റിന് വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കാമെന്ന് ഈ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയതിനാൽ ഹർജികൾ തള്ളിക്കളഞ്ഞു കൊണ്ട് വിധിയുണ്ടാകണമെന്നും ബോധിപ്പിക്കുകയുണ്ടായി.

5. തുടർന്ന് 08.09.2020, 23.09.2020 തീയതികളിൽ ഓൺലൈൻ വിചാരണയിലൂടെ കമ്മീഷൻ 5-ാം എതിർകക്ഷി സ്കൂളിലെ ഹർജി സമർപ്പിച്ച കുട്ടികളുടെ

രക്ഷിതാക്കളെയും സ്കൂൾ പ്രിൻസിപ്പലേയും കേൾക്കുകയും ഇരുപാർട്ടികളുടെയും വാദമുഖങ്ങൾ വിശദമായി പരിശോധിക്കുകയുമുണ്ടായി.

6. വാചാ തെളിവുകൾ മേൽ കേസിന്റെ അന്വേഷണത്തിന് പ്രസക്തമല്ലാത്തതിനാൽ ഹർജിക്കാരെയോ എതിർകക്ഷികളെയോ കമ്മീഷൻ വിസ്തരിക്കുകയോ രേഖകൾ മാർക്ക് ചെയ്യുകയോ ചെയ്തിട്ടില്ല.

7. കോവിഡ്-19 മഹാമാരി ലോകം നേരിട്ടു കൊണ്ടിരിക്കയാണ്. നമ്മുടെ സംസ്ഥാനത്തും മഹാമാരി സാമ്പത്തിക മേഖലയെ കാര്യമായി ബാധിക്കുകയും പ്രസ്തുത മഹാമാരിയെ ചെറുക്കാൻ സർക്കാരും സർക്കാരിതര സ്ഥാപനങ്ങളും നിരവധി നിയന്ത്രണങ്ങളും നയപരിപാടികളും നടപ്പാക്കി വരികയുമാണ്. മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി സമൂഹത്തിന്റെ നാനാതുറകളെയും ദോഷകരമായി ബാധിച്ചിരിക്കയാൽ 5-ാം എതിർകക്ഷി സ്കൂളിലെ നൂറോളം വിദ്യാർത്ഥികൾ വരെ ടി.സി. വാങ്ങി സ്കൂളിൽ നിന്നും പോയതായി 5-ാം എതിർകക്ഷി തന്നെ മറുപടിയിൽ ബോധിപ്പിക്കുകയുണ്ടായി. സർക്കാർ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നീ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളും പലതലത്തിലും ഈ പ്രത്യേക സാഹചര്യത്തെ അഭിമുഖീകരിക്കാൻ ഒട്ടേറെ വിട്ടുവീഴ്ചകളും ത്യാഗങ്ങളും ചെയ്തു വരുന്നു. ഈ പ്രത്യേക സാഹചര്യത്തെ നേരിടാൻ എല്ലാ വിഭാഗവും സഹകരിക്കേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ കരുതുന്നു.

8. കോവിഡ് മഹാമാരി കാരണം ഈ അക്കാദമിക് വർഷം മാത്രമാണ് ഹർജിക്കാർ ഫീസ് ഇളവ് ആവശ്യപ്പെടുന്നത്. ഇന്നേ വരെ യാതൊരു രക്ഷിതാവും ഫീസ് ഇളവ് ആവശ്യപ്പെട്ടിട്ടില്ലെന്ന് ഹർജിക്കാർ ബോധിപ്പിക്കുകയുണ്ടായി. 5-ാം എതിർകക്ഷിയ്ക്കും ആ കാര്യത്തിൽ തർക്കമില്ല. സമൂഹത്തിലെ എല്ലാ വിഭാഗവും കോവിഡ്-19 എന്ന പ്രത്യേക സാഹചര്യത്തെ നേരിടുമ്പോൾ യാതൊരു തരത്തിലും ഫീസ് ഇളവ് അനുവദിക്കാനാകില്ലെന്ന 5-ാം എതിർകക്ഷിയുടെ വാദം സ്വീകരിക്കാനാകില്ല. സ്വകാര്യ സ്ഥാപനങ്ങൾക്ക് വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കാൻ അവകാശമുണ്ടെങ്കിലും പ്രത്യേക സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ പഠിക്കാനുള്ള അവകാശം ലംഘിക്കപ്പെടാതിരിക്കാനായി ഈ അക്കാദമിക് വർഷത്തെ നിലവിലെ നിശ്ചിത ഫീസിൽ 25% എങ്കിലും ഇളവ് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും അനുവദിക്കേണ്ടത് കുട്ടികളുടെ പഠനം തടസ്സപ്പെടാതിരിക്കാൻ അനിവാര്യമാണെന്ന് കമ്മീഷൻ കരുതുന്നു. പല വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്വമേധയാ ഫീസിനത്തിൽ ഇളവ് നൽകിയതായി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിട്ടുണ്ട്. ഫീസ്

അടയ്ക്കാത്ത കാരണത്താൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടതായി കാണിച്ച് നിരവധി പരാതികൾ കമ്മീഷൻ മുമ്പാകെ ദിവസേന വന്നു കൊണ്ടിരിക്കുന്നു. ഇക്കാര്യം കമ്മീഷന് ഗൗരവമായി പരിഗണിക്കേണ്ടിയിരിക്കുന്നു.

9. Sreelekshmi.S. Vs. State of Kerala WP(C) No. 10867 of 2020 (S) കേസിൽ സ്കൂൾ അധികാരികൾക്ക് ഫീസ് ഈടാക്കാൻ അധികാരമുണ്ടെന്ന് ബഹു. കേരള ഹൈക്കോടതി ഉത്തരവുള്ളതായി 5-ാം എതിർകക്ഷി ബോധിപ്പിക്കുകയുണ്ടായി. എന്നാൽ കേരളത്തിലെ സി.ബി.എസ്.ഇ. സ്കൂളുകൾക്ക് ഫീ നിശ്ചയിച്ചു കൊണ്ട് കേരള സർക്കാർ ഉത്തരവിറക്കിയിട്ടില്ലെന്നും ആയതിനാൽ അപ്രകാരം ഫീസ് നിശ്ചയിച്ച് പൊതു ഉത്തരവ് ഇറക്കാൻ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകാൻ കോടതിക്ക് അധികാരമില്ലെന്നും ആയത് സർക്കാരിന്റെ നയപരമായ വിഷയമാണെന്നുമാണ് കോടതി കണ്ടെത്തിയത്. പ്രസ്തുത ഉത്തരവിൽ നിന്നും സംസ്ഥാനത്തെ സി.ബി.എസ്.ഇ. അടക്കമുള്ള വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്ന മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഫീസ് സംബന്ധിച്ച നയപരമായ പൊതു തീരുമാനം സർക്കാരിന് കൈക്കൊള്ളാവുന്നതാണ്. ആയതിനാൽ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്ന സി.ബി.എസ്.ഇ. അടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ വർഷത്തെ നിശ്ചിത ഫീസിനത്തിൽ 25% എങ്കിലും ഇളവ് ചെയ്യേണ്ടതും ഇത് സംസ്ഥാനത്തെ സ്കൂളുകൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

10. മേൽ വിവരിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ, 2005 – ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള കമ്മീഷനുകൾ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം താഴെപ്പറയും ശുപാർശകൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

***(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്ന സി.ബി.എസ്.ഇ. അടക്കമുള്ള മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ അധ്യയന വർഷം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലവിലെ നിശ്ചിത ഫീസിൽ നിന്നും 25% എങ്കിലും ഇളവ് ചെയ്യേണ്ടതും ഇക്കാര്യം സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പാലിക്കപ്പെടണമെന്ന് കാണിച്ച് 1, 2, 3, 4 എതിർകക്ഷികൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.***

*(ബി) ഈ അക്കാദമിക് വർഷം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ 25% എങ്കിലും ഫീസിൽ ഇളവ് അനുവദിച്ച സ്ഥാപനങ്ങൾ വീണ്ടും ഫീസ് ഇളവ് ചെയ്യേണ്ടതില്ല.*

*(സി) കമ്മീഷന്റെ മേൽപ്പറഞ്ഞ ശുപാർശ കോവിഡ് മഹാമാരി നേരിടുന്ന പ്രത്യേക സാഹചര്യം പരിഗണിച്ചുള്ളതും നിലവിലെ സാഹചര്യത്തിൽ മാറ്റം വരുന്ന പക്ഷം 1, 2, 3, 4 എതിർകക്ഷികൾക്ക് ആവശ്യമായ തീരുമാനം ഈ വിഷയത്തിൽ കൈക്കൊള്ളാവുന്നതാണ്.*

*(ഡി) 5-ാം എതിർകക്ഷി സ്ഥാപനത്തിലെ രക്ഷിതാക്കൾ നിലവിലെ നിശ്ചിത ഫീസിൽ 25% കുറവ് ചെയ്ത് ഫീസ് അടവാക്കേണ്ടതും അപ്രകാരം ഫീസ് അടവാക്കിയ കുട്ടികൾക്ക് യാതൊരു കാരണവശാലും 5-ാം എതിർകക്ഷി വിദ്യാഭ്യാസ അവസരം നിഷേധിക്കാൻ പാടില്ലാത്തതും അക്കാര്യം 3-ാം എതിർകക്ഷി ഉറപ്പാക്കേണ്ടതും ഇത് സംബന്ധിച്ച ഉത്തരവ് 3-ാം എതിർകക്ഷി 5-ാം എതിർകക്ഷിക്ക് നൽകേണ്ടതുമാണ്.*

മേൽ കാര്യത്തിൽ 1, 2, 3, 4, 5 എതിർകക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012 – ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടത്തിലെ ചട്ടം 45 പ്രകാരം 30 ദിവസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
മനോജ് കുമാർ.കെ.വി.
(ചെയർപേഴ്സൺ)

(ഒപ്പ്)
കെ. നസീർ
(മെമ്പർ)

(ഒപ്പ്)
സി. വിജയകുമാർ
(മെമ്പർ)

ഉത്തരവിൻ പ്രകാരം

പി.വി. ഗീത
രജിസ്ട്രാർ

AS-24/09/2020